ശ്രീ. കെ. കുഞ്ഞമ്പു : ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലിൽ ഇതു വരാൻ ഇടയില്ല. ഹരിജനങ്ങളും അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ പ്രത്യേകം ലാൻഡ് അക്വിസിഷൻ തഹശീൽദാരെ നിയമിച്ചിട്ടുണ്ട്. അവർ തീരുമാനമെടുത്തുകൊള്ളും. സെന്റിനു് 25 രൂപയിൽ കൂടുതൽ വില കൊടുക്കണമെങ്കിൽ ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നേയുള്ളു.

ശ്രീ. സി. അച്യുതമേനോൻ : ചാലക്കുടിയിൽ കുത്തുപറമ്പു് എന്ന സ്ഥലത്തു് രണ്ടു വർഷമായി തുടർച്ചയായി കാളനി ആവശ്യപ്പെടുന്നുണ്ടു്. ഗവണ്മെന്റു് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എന്റെ ഓർമ്മയിൽനിന്നും പറയുവാൻ നിവൃത്തിയില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം.

* 613. [2[ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി മുതൽ 1963 ഡിസംബർവരെ കേരള സംസ്ഥാനത്തിലെ തീരദേശമത്സ്യത്തൊഴിലാളികളിൽനിന്നു വള്ളവും വലയും കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ട എത്രപേരുടെ ധനസഹായാപേക്ഷ ഫിഷറി ഡയറക്റേറ്റ് ഓഫീസിൽ കിട്ടിയിട്ടുണ്ടു് ;

(ബി) ഇവരിൽ എത്രപേർക്കു് ധനസഹായം ചെയ്തു ; എത്ര രൂപാ വീതം ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 47.

(ബി) ഇപ്രകാരം ധനസഹായം ചെയ്യുന്ന പതിവില്ല. പക്ഷേ 25 ശതമാനം സബ്സിഡിയായും ബാക്കി ലോണായും കൊടുക്കുന്ന പതിവുണ്ടു് 61–62 വർഷങ്ങളിൽ നാലുപേർക്കു് 3,041 രൂപയും 1963–64 വർഷത്തിൽ ആറുപേർക്കു് 4,948 രൂപയും കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കു പ്രതിവർഷം അഞ്ഞൂറു രൂപയിൽ കുറവാണു് ആദായമെന്നും പ്രതിവർഷം മുന്നൂറു രൂപയിൽ കുറയാതെ കടമുണ്ടെന്നും കാണുന്നു. ഇവർക്കു വള്ളവും വലയും യന്ത്രവൽകൃത ബോട്ടും നൽകിയിട്ടും ഇവരുടെ സാമ്പത്തിക ശോഷി ഇങ്ങനെ അധഃപതിക്കുവാൻ കാരണം എന്താണു് ? ഇവരുടെ നില ഉയർത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ ആധുനിക രീതിയിലുള്ള യന്ത്രവൽകൃത ബോട്ടുകളോ, നവീന രീതിയിലുള്ള നൈലോൺ വലകളോ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ചെല്ലാനം, തോർത്തുകൊച്ചിൻ തുടങ്ങിയ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കു രണ്ടു മാസക്കാലമായി യാതൊരു തൊഴിലും കിട്ടാതിരിക്കുകയാണു്. മിക്കവാറും പട്ടിണിതന്നെയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഇവിടം ഒരു ക്ഷാമബാധിത പ്രദേശമായി ഡിക്ലയർ ചെയ്തു ദുരിതാശ്വാസ നടപടികളും സ്വീകരിക്കണമെന്നു ഫിഷർമെൻ വെൽഫെയർ കമ്മിറ്റി പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ ക്ഷാമബാധിത പ്രദേശമായി ഡിക്ലയർ ചെയ്യണമെന്നു വിചാരിക്കുന്നില്ല. ആവലാതികളും കിട്ടുകയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ : തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് സ്ഥായിയായ കിടപ്പാടം ഇല്ല എന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിലേക്ക് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനു ചില വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. ലേബർ കാളനൈസേഷൻ സ്കീം അനുസരിച്ചു ചുരുങ്ങിയതു് അഞ്ചു സെന്റോ പത്തു സെന്റോ ഭൂമി രൂപാനിരക്കിലെടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയിരം രൂപയുടെ വേനനിമ്മാണ പദ്ധതിയും ഉണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനം കൊണ്ടു വരുമാനമില്ലാതെ വരുന്ന കാലത്തു ചെലവാക്കുവാൻവേണ്ടി സമ്പാദ്യം ഉണ്ടാക്കാൻ എന്തെങ്കിലും കടിൽ വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ? സമ്പാദ്യം ഉണ്ടാകുന്ന സമയത്തു മുഴുവൻ പണം ചെലവാക്കുന്നതിനെ നിരുൽസാഹപ്പെടുത്തുകയും ഈ മാതിരി സന്ദർഭങ്ങളിൽ അതു ഉപയോഗിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നതിലേക്കു വല്ല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കുറച്ചു കിട്ടുന്നതു് മേയ്, ജൂൺ എന്നീ മാസങ്ങളിലാണു്. ഈ മാസങ്ങളിൽ എന്തെങ്കിലും കടിൽ വ്യവസായങ്ങളിൽ ഇവരെ ഏർപ്പെടുത്തണമെന്നു ഗവണ്മെൻറിനു വിചാരമുണ്ടു്, അതിലേക്ക് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നു. 1960–ൽ അതിലേക്ക് ഒരു ഫണ്ടുതന്നെ നീക്കിവച്ചിരുന്നു. അംബർചക്ക് കൊടുക്കുക എന്നതായിരുന്നു ഗവണ്മെൻറുദ്ദേശിച്ചിരുന്നതു്. എന്നാൽ അവർ അതു ഫലപ്രദമായി ഉപയോഗിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല. അതു കാരണം ആ പണം ലാപ്സായി പോയി. ഈ മാസങ്ങളിൽ എന്തെങ്കിലും കടിൽ വ്യവസായം ആവിഷ്ക്കരിക്കേണ്ടതാണെന്നു ഗവണ്മെൻറിനു വിചാരമുണ്ടു്. ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ : ചില മാസങ്ങളിൽ മത്സ്യം വളരെ കുറച്ചു കിട്ടുന്നതുപോലെതന്നെ ചില മാസങ്ങളിൽ വളരെ കൂടുതൽ മത്സ്യം കിട്ടാറുണ്ടു്. അവയിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായി പോകുകയാണു്. അങ്ങനെ കിട്ടുന്ന മത്സ്യത്തിൽ നിന്നു് എണ്ണ എടുക്കാനും, അതിന്റെ ചണ്ടി കൊണ്ടു് വളവും കന്നുകാലി തീറ്റയും മറ്റും ഉണ്ടാക്കാനും വ്യാവസായികമായി ചില പദ്ധതികളും ആവിഷ്ക്കരിച്ചു കടൽത്തീരത്തു് ഏതാനും കേന്ദ്രങ്ങൾ തുടങ്ങി പ്രവർത്തിക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ആ കാര്യം പരിഗണിക്കാവുന്നതാണു്.

ശ്രീ. എം. കൃഷ്ണൻ : തോണിയും വലയും നഷ്ടപ്പെട്ട എത്ര തൊഴിലാളികൾക്കു കോഴിക്കോട്ടു ജില്ലയിൽ ധനസഹായം ചെയ്തു എന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതാണു് ഞാൻ മുമ്പു പറഞ്ഞതു്. 25 ശതമാനം സബ്സിഡി കൊടുക്കുവാനും 75 ശതമാനം ലോൺ കൊടുക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. 1962–63–ൽ നാലുപേർക്ക് 3,041 രൂപയും 1963–64–ൽ 4,948 രൂപ ആറു പേർക്കും നൽകിയിട്ടുണ്ടു്.

ശ്രീ. എം. കൃഷ്ണൻ : ഇതു ആകെക്കൂടിയുള്ളതാണു്. കോഴിക്കോട്ടു ജില്ലയിൽ മാത്രം എത്രയാണു് ?

ശ്രീ. കെ. കുഞ്ഞമ്പു : കോഴിക്കോട്ടു ഇതുപോലെയുള്ള ഒരു സ്ഥലം ഞാൻ സന്ദർശിക്കുകയുണ്ടായി. ഇങ്ങനെ വള്ളവും വലയും നഷ്ടപ്പെട്ട കഴിഞ്ഞാൽ ഒരു മാസത്തിനകം അസിസ്റ്റന്റു ഫിഷറീസ് ഡയറക്ടറുടെ അപേക്ഷ അയച്ചിരിക്കണം എന്നു വ്യവസ്ഥയുണ്ടു്. ഞാൻ സന്ദർശിച്ച അവസരത്തിലും അവരോടു് അപേക്ഷ അയച്ചുതരണമെന്നു പ്രത്യേകം പറയുകയുണ്ടായി. എന്നാൽ ഇതുവരെ അപേക്ഷ അയച്ചുതന്നിട്ടില്ല.

ശ്രീ. ബി. വി. സീതി തങ്ങൾ : തൃശ്ശൂർ ജില്ലയിൽ നിന്നും ഇങ്ങനെ അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : പ്രത്യേകമായി കണക്കുകൾ എന്റെ കൈവശമില്ല. ആകെ 47 ആപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇവരുടെ വീടുകൾ മേയുന്നതിനുള്ള സഹായം മഴ തുടങ്ങിയതിനുശേഷമാണു് ഇവർക്കു കൊടുക്കുന്നതു്. അതു മാറ്റി മഴയ്ക്കുമുമ്പുതന്നെ ഈ സഹായം കൊടുക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : പുരകെട്ടുന്നതിനുള്ള സഹായം കൊടുക്കേണ്ടതു ചുമതല ഫിഷറീസ് ഡിപ്പാർട്ടുമെന്റിനുള്ളതല്ല. റവന്യൂ ഡിപ്പാർട്ടുമെന്റു ജില്ലാ കളക്ടർവഴി കൊടുക്കുന്നതാണു്. ഈ കാര്യം റവന്യൂ ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കുന്നതാണു്.

തൊഴിൽത്തർക്കങ്ങൾ

* 614. † [3] ശ്രീ. പി. കുസ്സു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെ ആകെ എത്ര തൊഴിൽത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) അവയിൽ എത്ര എണ്ണം ലേബർ ഡിപ്പാർട്ടുമെന്റു് ഇടപെട്ടു സമരം കൂടാതെ തീർത്തിട്ടുണ്ടു് ;

(സി) പണിമുടക്കിലാകെ നഷ്ടപ്പെട്ടിട്ടുള്ള Manpower days എത്ര ;

(ഡി) ഇവയിലേറ്റവും കൂടുതൽ നീണ്ടുനിന്ന പണിമുടക്കു് ഏതാണു്;

(ഈ) ഇവയിലേറ്റവും കൂടുതൽ തൊഴിലാളികൾ പങ്കുകൊണ്ടു നടത്തിയ പണിമുടക്കു് ഏതാണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 7964
(ബി) 6876
(സി) 952060
(ഡി) പീരുമേട്ടിലുള്ള സെമിനിറോഡി തോട്ടത്തിലെ പണിമുടക്കു്.

(ഈ) കണ്ണൻദേവൻ കമ്പനിവക 13 തോട്ടങ്ങളിൽ 20–5–1963–ൽ നടന്ന സൂചനാ പണിമുടക്കിലും, 1962 ജൂലൈ മാസത്തിൽ തൃശ്ശൂർ ജില്ലയിലെ 75 ഓട്ടുകമ്പനികളിൽ നടന്ന പണി മുടക്കിലും ആണു് ഏറ്റവും കൂടുതൽ തൊഴിലാളികൾ പങ്കെടുത്തിരുന്നതു്. 4000–ൽ പരം തൊഴിലാളികൾ വീതം പങ്കെടുത്തിരുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിൽ ഏതെങ്കിലും കേസ്സു് നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വിട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ആർബിട്രേഷൻ പ്രസ്ഥാനം ഗുണകരമാണെന്നു ഇപ്പോഴും ബോദ്ധ്യപ്പെട്ടിരിക്കുകയാണു്, എന്നാൽ എല്ലാ കേസ്സുകളും ആർബിട്രേഷനു വിട്ടിട്ടില്ല. തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനോടുള്ള പ്രതിബന്ധമനോഭാവം ഇപ്പോഴും മാറിയിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വഴങ്ങാത്ത മുതലാളിമാർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണു് ; തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉള്ള നിലപാടു് മാറിക്കൊണ്ടിരിക്കുന്നുവെന്നു പറഞ്ഞതു് ഉള്ളിൽ ഉള്ള മോഹം പറഞ്ഞതാണോ ; ഏതെല്ലാം കേസ്സും നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വിടുന്നതിനായി വന്നിട്ടുണ്ടു് ?

† Put by Shri M. Narayana Kurup.

LIBRARY ARCHIVES Kerala Legislative Assembly